പ്രിയരേ

നിങ്ങളുമായി ചിലപ്പോൾ പങ്കുവെച്ചിട്ടില്ലാത്ത, ജീവിതത്തെ മാറ്റിമറിക്കുന്ന, വളരെ പ്രാധാന്യമുള്ള വാർത്ത ഇതാ. ഒരു പക്ഷേ, അത് നിങ്ങളുടെ മനസ്സിൽ പൊലും കടന്നുവന്നില്ലട്ടില്ലായിരിക്കും. ദയവായി കുറച്ച് മിനിറ്റ് ഇതിനായി മാറ്റിവെക്കാമോ?.....

നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ

''ഞാൻ ആരാണ്?''

''ഞാൻ എവിടെ നിന്നാണ് വന്നത്?''

''ഈ ലോകത്ത് എന്റെ ഉദ്ദേശ്യം എന്താണ്?''

''ഞാൻ ഈ ഭൂമിയിൽ എന്താണ് ചെയ്യുന്നത്?''

''ഞാൻ ഇപ്പോൾ മരിച്ചാൽ എവിടെ പോകും?''

ഒരു മനുഷ്യന്റെ ഹൃദയത്തിൽ ശൂന്യതയ്ക്കും അസംതൃപ്തിക്കും സങ്കടത്തിനും കാരണം എന്തായിരിക്കാം ? എന്നൊക്കെ?

പണമോ, ജോലിയോ, സമ്പത്തോ, സൗന്ദര്യമോ, ഒന്നും തന്നെ മനുഷ്യരാശിക്ക് സന്തോഷവും സമാധാനവും വിശ്രമവും നൽകാനാവില്ല എന്നത് സത്യം തന്നെ. നിങ്ങലുടെ അഭിപ്രായത്തിൽ, വാസ്തവമായിട്ടും ഒരു മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം എന്താണ്? പല വഴികളും മാർഗങ്ങളും ശ്രമിച്ചിട്ടും തന്റെ ഹൃദയത്തിലെ ശൂന്യത നികത്താനും അതൃപ്തികളെ നേരിടാനും ദുഃഖങ്ങളെ അതിജീവിക്കാനും മനുഷ്യന് കഴിയാത്തതെന്തുകൊണ്ട് ആണു? സന്തോഷത്തിന്റെ ഈ അന്വേഷണത്തിൽ തന്റെ ശരീരത്തെയും ആത്മാവിനെയും കൂടുതൽ നശിപ്പിക്കുന്ന വ്യത്യസ്ത തരം ആസക്തികൾക്ക് പോലും മനുഷ്യൻ വഴങ്ങുന്നു.

അമ്മയെ ഓർത്ത് കരയുന്ന കുഞ്ഞിനെ ഒരു കളിപ്പാട്ടം കൊണ്ടും സമാധാനിപ്പിക്കാനാവില്ല. അതുപോലെ തന്നെ, വെള്ളമില്ലാതെ മരിക്കുന്ന മത്സ്യത്തിന് വെള്ളത്തിന് പകരം യാതൊന്നും വയ്ക്കാനാവില്ല. അതുപോലെ, ദൈവത്തിന്റെ ശ്വാസത്തിൽ നിന്ന് സൃഷ്ടിക്കപ്പെട്ട യഥാർത്ഥത്തിൽ ആത്മാവായ ഒരു മനുഷ്യന് തന്റെ ആത്മീയ ദാഹവും നിരാശയും ഭൗതീക വിഭവങ്ങൾ കൊണ്ട് ശമിപ്പിക്കാൻ കഴിയില്ല മനുഷ്യന് ദൈവത്തെ വേണം!!

മരണത്തെ അഭിമുഖീകരിക്കേണ്ട ഭയം എല്ലാവരിലും സാധാരണമാണ് അതു എത്ര സമ്പന്നനായാലും, എത്ര ദരിദ്രനായാലും, എത്ര ജ്ഞാനിയായാലും, എത്ര നിഷ്കളങ്കനായാലും, എത്ര ശക്തനായാലും, എത്ര ദുർബലനായാലും ശരി.

''മനുഷ്യൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം?'' എന്ന് പറയപ്പെടുന്നു. മരണം എന്നും മനുഷ്യന് ഒരു മർമവും മനസ്സിലാക്കാൻ പറ്റാത്ത ഒരു കാര്യമാണ്. ഇത് ഇങ്ങനെ ഒരു ചോദ്യം ഉയർത്തുന്നു മരണശേഷം മനുഷ്യന് എന്താണ് സംഭവിക്കുന്നത്?

മരണത്തെയും മരണാനന്തര ജീവിതത്തെയും കേന്ദ്രീകരിച്ച് ഒന്നിലധികം സിദ്ധാന്തങ്ങൾ ഉണ്ട്. ആ സിദ്ധാന്തങ്ങളിൽ ഏതാണ് യഥാർത്ഥമായത്? ഈ എല്ലാ ശ്രമങ്ങളിൽ നിന്നും, ഓരോ മനുഷ്യനും മുക്തി/മോക്ഷം (ആത്മീയ സ്വാതന്ത്ര്യം) നേടാൻ പരിശ്രമിക്കുന്നുണ്ടെന്ന് വ്യക്തമാണ്.

ഇതിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ നമ്മുടെ ജീവിതം വളരെ അനിശ്ചിതത്വത്തിലല്ലേ? അടുത്ത നിമിഷം നിങ്ങൾക്ക് എന്ത് സംഭവിക്കുമെന്ന് നിങ്ങൾക്ക് ഉറപ്പാണോ? നിങ്ങളുടെ വർത്തമാനത്തെക്കുറിച്ചും, നിങ്ങളുടെ മുക്തി/മോക്ഷത്തിന്റെ ഭാവിയെക്കുറിച്ചും നിങ്ങൾക്ക് അറിയാത്തതിനാൽ, മരിക്കുന്നതിന് മുമ്പ് നിങ്ങൾ കുറിച്ച് പ്രധാനപ്പെട്ട സത്യങ്ങൾ

അറിയേണ്ടതുണ്ട്. നിങ്ങൾ സമ്മതിക്കുന്നില്ലേ?

ആരാണ് മനുഷ്യൻ?

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ഒരു ആത്മീയ ജീവിയാണ് മനുഷ്യൻ. മനുഷ്യൻ ഒരു ധാർമ്മിക ജീവിയാണ്. മനസ്സാക്ഷിയുടെ ശക്തിയാൽ മനുഷ്യന് ശരിയും തെറ്റും തിരഞ്ഞെടുക്കാൻ കഴിയും. അതിനാൽ മനുഷ്യൻ അവന്റെ എല്ലാ പ്രവർത്തികൾക്കും മൊഴികൾക്കും ഉത്തരവാദിയാണ്. മറുവശത്ത് പക്ഷികൾക്കും മൃഗങ്ങൾക്കും ആത്മാവോ മനസ്സാക്ഷിയോ ഇല്ല. അതിനാൽ, ശരിയും തെറ്റും തിരഞ്ഞെടുക്കാനുള്ള കഴിവ് അവർക്കില്ല അതിനാൽ, പക്ഷികളിലും മൃഗങ്ങളിലും തന്റെ പങ്കാളിയോടുള്ള അവിശ്വസ്തത പോലും പാപമായി കണ്ക്കാക്കപ്പെടുന്നില്ല.
ഏറ്റവും പ്രധാനമായി, പക്എഷികൾക്കും മൃഗങ്ങൾക്കും ഒരിക്കലും ദൈവത്തോട് ചായ്വ് ഉണ്ടായിരുന്നില്ല. പക്ഷികളും മൃഗങ്ങളും അവരുടെ മരണശേഷം വെറും പൊടിയിലേക്ക് മടങ്ങുന്നു. മൃഗങ്ങളും പക്ഷികളും റോഡരികിൽ ചാകുന്നതു കാണുമ്പോൾ നമ്മൾ അതിനെ കുറിച്ച് ചിന്ഥിക്കുകയോ കരുതുകയോ ചെയ്യുന്നുണ്ടോ? ഇല്ല.
മറുവശത്ത്, ഒരു മനുഷ്യൻ മരിച്ചാൽ, നമ്മൾ അത് അവഗണിക്കില്ല. അത് ഒരു പാവപ്പെട്ടവനായാലും ഭിക്ഷക്കാരനായാലും, നമ്മൾ ബഹുമാനവും കരുതലും കാണിക്കുന്നു.

**ദൈവത്തോടുള്ള മനുഷ്യന്റെ ആഗ്രഹം**
രാജ്യങ്ങളിൽ ഉടനീളം, ചില മതവിശ്വാസങ്ങളോ ആരാധനകളോ പിന്തുടരുന്ന ആളുകളെ നാം കാണുന്നു. ഓരോരുത്തരും ദൈവത്തെ കാംക്ഷിക്കുകയും വ്യത്യസ്ത രീതികളിലൂടെ അന്വേഷിക്കുകയും ചെയ്യുന്നു. ദൈവത്തോടുള്ള വാഞ്ഛയും ദാഹവുമാണ് മതവിശ്വാസങ്ങളും അന്വേഷണങ്ങളും നയിക്കുന്നച്. മരണഭയത്താൽ നയിക്കപ്പെടുന്ന മനുഷ്യൻ തന്റെ പാപങ്ങളുടെ മോചനത്തിനും മുക്തി മോക്ഷം നേടുന്നതിനുമായി പരിശ്രമിക്കുന്നു. ആ വീണ്ടെടുപ്പും മുക്തി /മോക്ഷവും നേടുന്നതിന്, മനുഷ്യൻ തീർത്ഥാടനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ, യാഗങ്ങൾ, മതപരമായ ആചാരങ്ങൾ എന്നിങ്ങനെ വിവിധ മാർഗങ്ങൾ പിന്തുടരുന്നു.

അപ്പോൾ ചോദ്യം ഇതാണ്: ഈ കാര്യങ്ങൾ ചെയ്യുന്നതിലൂടെ മനുഷ്യന് മുക്തി/ മോക്ഷം നേടാനാകുമെന്ന് നമുക്ക് ഉറപ്പും ആത്മവിശ്വാസവും ഉണ്ടോ?

**മനുഷ്യൻ ജന്മം കൊണ്ടും പ്രവർത്തികൊണ്ടും ഒരു പാപി :**
നീതിമാൻ ആരുമില്ല. ഒരുവൻ പോലുമില്ല. ദൈവത്തെ മനസ്സിലാക്കുന്നവരോ അന്വേഷിക്കുന്നവരോ ആരുമില്ല.
"ജോണി, ജോണി. അതെ, പപ്പാ.
പഞ്ചസാര കഴിക്കുന്നുണ്ടോ?"
ഇല്ല പപ്പാ".
എന്നുള്ള നഴ്സറി ഗാനത്തിൽ പഞ്ചസാര മോഷ്ടിക്കാനോ കള്ളം പറയാനോ ആരും ജോണിയെ പഠിപ്പിച്ചിട്ടില്ല. മോഷ്ടിക്കുക മാത്രമല്ല. പഞ്ചസാര കഴിച്ചില്ല എന്നു കള്ളം പറയുകയും ചെയ്തു ജോണി. മനുഷ്യൻ പാപം ചെയ്തതുകൊണ്ടല്ല പാപിയായത്. മറിച്ച് അവനു പാപ സ്വഭാവം ഉള്ളത് കൊണ്ടാണ് പാപിയായതു. അവൻ/അവൾ പാപപ്രവൃത്തികൾ ചെയ്യുമ്പോൾ പാപത്തിന്റെ അടിമയാകും. മനുഷ്യഹൃദയം എല്ലാറ്റിനുമുപരിയായി വഞ്ചന നിറഞ്ഞതും അത്യന്തം ദുഷ്ടവുമാണ്. ഹൃദയത്തിൽ നിന്ന് പുറപ്പെടുന്ന ദുഷിച്ച ചിന്തകൾ കൊലപാതകം, വ്യഭിചാരം, ലൈംഗീക അധാർമികത, മോഷണം, കള്ളസാക്ഷ്യം, പരദൂഷണം ഇവയാണ് ഒരു വ്യക്തിയെ അശുദ്ധമാക്കുന്നത്.

കവർച്ച നടത്തിയതിന് ഒരാളെ കോടതി കള്ളനെന്ന് വിളിക്കുന്നു. യഥാർത്ഥത്തിൽ, ആ വ്യക്തി മോഷണം നടത്തിയത് സ്വഭാവത്തിൽ ഒരു കള്ളനായതുകൊണ്ടാണ്.

**പാപത്തിന്റെയും ശിക്ഷയുടെയും ഭാരം :**
പാപം മനുഷ്യനെ ദൈവത്തിൽ നിന്ന് അകറ്റി. പാപം ദൈവവും മനുഷ്യനും തമ്മിൽ ശത്രുത സൃഷ്ടിച്ചു. പാപം മനുഷ്യനെ നീതിമാനും പരിശുദ്ധനുമായ ദൈവത്തിന്റെ കോപത്തിനും വിധേയമാക്കിയിരിക്കുന്നു. മനുഷ്യൻ ചെയ്യുന്ന ഓരോ പാപവും യഥാർത്ഥത്തിൽ ദൈവത്തിനെതിരായ പാപമാണ്. പാപഭാരം എല്ലാ ഭാരങ്ങളിലും ഏറ്റവും വലുതാണ്. പാപത്തിന്റെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ മനുഷ്യൻ പല വഴികൾ ശ്രമിക്കുന്നു. പാപത്തിന്റെ കൂലി മരണമാണ്. മനുഷ്യൻ ഒരു പ്രാവശ്യം മാത്രമെ മരിക്കാവൂ എന്നാണ് വിധി. അതിനെ തുടർന്നാണ് ആ വലിയ ന്യായവിധി മനുഷ്യന്റെ മരണശേഷം അവന്റെ ശരീരം അത് നിർമ്മിച്ച പൊടിയിലേക്ക് മടങ്ങുന്നു. അവന്റെ ആത്മാവ് ഉചിതമായ ന്യായവിധിക്കായി ദൈവത്തിലേക്ക് മടങ്ങുന്നു.

**മതത്തിന് ഒരു മനുഷ്യനെ രക്ഷിക്കാൻ കഴിയുമോ?**

മനുഷ്യൻ തന്റെ പാപത്തിന്റെ ഭാരത്തിൽ നിന്ന് സ്വയം മോചിപ്പിക്കാനും മുക്തി/ മോക്ഷം നേടാനും സൽകർമ്മങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ, മതപരമായ പ്രവർത്തനങ്ങൾ ംന്നിവ ചെയ്യുന്നു. എന്നിരുന്നാലും ഇവയ്ക്കെല്ലാം ദൈവത്തിന്റെ നീതിയുള്ള ന്യായവിധിയിൽ നിന്ന് മനുഷ്യനെ രക്ഷിക്കാൻ കഴിയില്ല.

ഉദാഹരണത്തിന്: ക്രൂരമായ കുറ്റകൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ട ഒരു മനുഷ്യനെ സങ്കൽപ്പിക്കുക. കോടതിയുടെ മുമ്പാകെ നിന്നുകൊണ്ട് ജഡ്ജിയോട് "കുട്ടിക്കാലം മുതൽ ഞാൻ ഒരു നല്ല മനുഷ്യനായിരുന്നു. ഞാൻ കള്ളം പറയുകയോ വ്യഭിചാരം ചെയ്യുകയോ ചെയ്തിട്ടില്ല ഞാൻ ധാരാളം നല്ലതും ജീവകാരുണ്യ പ്രവർത്തനങ്ങളും ചെയ്യുന്നു" ആ മനുഷ്യൻ ചെയ്ത സത്പ്രവർത്തികളുടെ അടിസ്ഥാനത്തിൽ അവന്റെ ക്രൂരമായ കുറ്റകൃത്യങ്ങൾക്ക് ജഡ്ജി ഇപ്പോൾ മാപ്പുനൽകുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? തീർച്ചയായും അവൻ ചെയ്യില്ല.

പാപം എന്ന ചെളിക്കുണ്ടിൽ കുടുങ്ങിപ്പോയ ഒരു മനുഷ്യന് സ്വയം രക്ഷിക്കാനാവില്ല അതുപോലെ, മതത്തിനും നിയമത്തിനും നല്ല പഠിപ്പിക്കലുകൾക്കും പ്രബോധനങ്ങൾക്കും മനുഷ്യനെ പാപത്തിന്റെ ചെളിക്കുണ്ടിൽ നിന്ന് രക്ഷിക്കാൻ കഴിയില്ല.......... മനുഷ്യന് ഒരു രക്ഷകനെ വേണം!!

**ദൈവത്തിന്റെ സഹായം**
ഈ ലോകത്തിലെ ഓരോ മനുഷ്യനും പാപത്തിൽ ജനിക്കുന്നു. പാപത്തിൽ ജീവിക്കുന്നു. പാപത്തിൽ മരിക്കുന്നു. ആർക്കും തന്റെ അയൽക്കാരനെ ഒരു വിധത്തിലും വീണ്ടെടുക്കാനാവില്ല. ആർക്കും മറ്റൊരാളുടെ ജീവൻ വീണ്ടെടുക്കാനോ മറ്റുള്ളവർക്കവേണ്ടി ദാവത്തിന് പിഴയൊടുക്കാനോ കഴിയില്ല. ഒരു ജീവന്റെ മറുവില വളരെ ഉയർന്നതാണ്. ഒരു വ്യക്തിയെ വീണ്ടെടുക്കാൻ ഒരു പേയ്മെന്റും പര്യാപ്തമല്ല. അവൻ/ അവൾ എന്നേക്കും ജീവിക്കുകയും ജീർണ്ണത കാണാതിരിക്കുകയും വേണം.

ഒരു അന്ധന് മറ്റൊരു അന്ധനെ നയിക്കാൻ കഴിയില്ല. അതുപോലെ പാപത്തിൽ ജനിച്ച് പാപത്തിൽ ജീവിച്ച് പാപത്തിൽ മരിക്കുന്ന ഈ ലോകത്തിലെ ഗുരുക്കന്മാർക്കും, പ്രബോധകാർക്കും മഹാപുരുഷന്മാർക്കും മറ്റുള്ളവരെ പാപത്തിന്റെ പിടിയിൽ നിന്ന് രക്ഷിക്കാൻ കഴിയില്ല. ഒരു മനുഷ്യന്റെ വീണ്ടെടുപ്പിനും മുക്തി / മോക്ഷത്തിനും വേണ്ടിയുള്ള ചെലവ് വളരെ ഉയർന്നതാണ്. അത് ആർക്കും നൽകാനാവില്ല. പക്ഷേ സ്നേഹവും കരുണയും ഉള്ള ദൈവത്തിന് മനുഷ്യനെ പാപത്തിൽ നിന്ന് മോചിപ്പിക്കാനും

നിത്യനരകത്തിൽ നിന്ന് രക്ഷിക്കാനും തുടക്കം മുതൽ എപ്പോഴും ഒരു ശാശ്വത പദ്ധതി ഉണ്ടായിരുന്നു. നീതിയിലും സിംഹാസനസ്ഥനായിരിക്കുന്ന ദൈവത്തിന് മനുഷ്യനെ ഭരിക്കുന്ന പാപത്തെ അപലപിച്ചുകൊണ്ട് പാപത്തിന്റെ മേലുള്ള തന്റെ ക്രോധം തൃപ്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്.

എല്ലാ മനുഷ്യരുടെയും പാപഭാരം വഹിക്കാൻ കഴിയുന്ന ഒറ്റ നീതിമാനെയും ദൈവം കണ്ടെത്തിയില്ല. മനുഷ്യവർഗത്തെ പാപത്തിൽ നിന്നും വീണ്ടെടുക്കുന്നതിന്റെ മറുവില കൊടുക്കാൻ ആർക്കും കഴിഞ്ഞില്ല. അപ്പോൾ ദൈവം തന്നെ മനുഷ്യരൂപം സ്വീകരിക്കുകയും ഭൂമിയിലേക്ക് ഇറങ്ങുകയും പാപരഹിതമായ ജീവിതം നയിക്കുകയും മനുഷ്യന്റെ പാപങ്ങളുടെ ഭാരം സ്വയം ഏറ്റെടുക്കുകയും ചെയ്യേണ്ടത് ആവശ്യമായി വന്നു.

**ദൈവം**

ആരാണ് ദൈവം? ദൈവത്തെ കാണാൻ എങ്ങനെ ഇരിക്കും? അവന്റെ വിശേഷണങ്ങൾ എന്തൊക്കെയാണ്? അവന്റെ ദൈവീക സ്വഭാവവും ശാശ്വതമായ ശക്തിയും ആദൃശ്യമായ ഗുണങ്ങളും നമുക്ക് ഗ്രഹിക്കാൻ കഴിയും അവന്റെ സൃഷ്ടിയിലൂടെ എണ്ണമറ്റ നക്ഷത്രങ്ങളും വിശാലമായ പ്രപഞ്ചത്തിൽ കൂടെ ഈ പ്രപഞ്ചം മുഴുവൻ സൃഷ്ടിച്ചത് ദൈവമാണ്. സ്രഷ്ടാവ് സൃഷ്ടിയിൽ നിന്ന് വ്യത്യസ്തനാണെന്ന് ഇത് നമ്മോട് പറയുന്നു. എല്ലാ സിംഹാസനങ്ങളിലും ഏറ്റവും ഉയർന്നതും പ്രപഞ്ചത്തിനുള്ളിൽ ഉൾക്കൊള്ളാൻ കഴിയാത്തതുമായ ദൈവത്തെ മനുഷ്യരുടെ കൈകളാൽ കൊത്തിയെടുത്ത ക്ഷേത്രങ്ങളിൽ ഒതുക്കാൻ കഴിയുമോ? അതോ മനുഷ്യ കൈകളാൽ നിർമ്മിച്ച ഒരു വസ്തുവായി അവനെ മാറ്റാൻ കഴിയുമോ? ദൈവം ഒരു ആത്മീയ ജീവിയല്ലേ?

ജീവനുള്ള കാണാൻ കഴിയുന്ന സംസാരിക്കാൻ കഴിയുന്ന തന്റെ മക്കളുടെ പ്രാർത്ഥന കേൾക്കാൻ കഴിയുന്ന ഒരു ദൈവമല്ലേ ഈ ദൈവം? കോപം, കാമം, അഹങ്കാരം, അസൂയ എന്നിവയാണ്

**മനുഷ്യന്റെ സവിശേഷതകൾ**

ദൈവം മനുഷനെപ്പോലെയല്ല കാമവും കോപവും അഹങ്കാരവും അസൂയയും അതീതനും പകരം പകരം നീതിയും വിശുദ്ധിയും സത്യവും സ്നേഹവും നിറഞ്ഞിരിക്കുന്ന ഒരു ദൈവം ആകേണ്ടതല്ലേ? ദൈവം അത്യുന്നതനും പരമാധികാരിയും സർവ്വശക്തനും എല്ലാം അറിയുന്നവനും ശാശ്വതനുമായിരിക്കേണ്ടതല്ലേ ആദിയും അന്ത്യനും ആയവൻ സ്വയം അസ്തിത്വമുള്ളവൻ.

തീർച്ചയായും ഈ ദൈവത്തിനു തന്റെ മക്കളുടെ വീണ്ടെടുപ്പിനും മുക്തി/ മോക്ഷത്തിനും വേണ്ടി എന്തെങ്കിലും ചെയ്യുമായിരുന്നു. നമ്മുടെ ശരീരങ്ങൾക്ക് ഒരു ഭൗമീക പിതാവ് മാത്രമുള്ളതു പോലെ നമ്മുടെ ആത്മാവിന്റെ ഏക പിതാവ് ദൈവം മാത്രമാണ്.

**ക്രിസ്തുവിന്റെ വീണ്ടെടുപ്പു പ്രവൃത്തി**

മനുഷ്യൻ അവന്റെ ലംഘനങ്ങൾ, അധർമ്മം, പാപങ്ങൾ എന്നിവയാൽ ചങ്ങലയിൽ ബന്ധിക്കപ്പെട്ട് നിത്യനരകാഗ്നിയിലേക്ക് വലിച്ചിഴക്കപ്പെട്ടു. മനുഷ്യരാശിയുടെ പാപഭാരം താങ്ങാനും ജീവന്റെ മറുവില നൽകാനും മനുഷ്യരാശിയെ പാപത്തിന്റെ പിടിയിൽ നിന്ന മോചിപ്പിക്കാനും കഴിയുന്ന പാപരഹിതനായ ഒരു മനുഷ്യനും ഈ ഭൂമുഖത്തുണ്ടായിരുന്നില്ല. അതിനാൽ ദേവാധിദേവൻ പരിശുദ്ധാത്മാവിൽ നിന്ന് 2000 വർഷങ്ങൾക്ക് മുമ്പ്, കന്യകയായ മറിയത്തിന് ജനിച്ച് യേശുക്രിസ്തു എന്ന് വിളിക്കപ്പെട്ടു. ഈ യേശുക്രിസ്തു ഒരു നിശ്ചിത സമയത്ത് പാപപരിഹാരത്തിനായി എല്ലാ മനുഷ്യർക്കും വേണ്ടി മരിക്കാനാണ് ജനിച്ചത്. പാപം കൂടാതെയാണ് യേശു ജനിച്ചത് മുപ്പത്തിമൂന്നര വർഷം ഈ ഭൂമിയിൽ പാപരഹിതനായ ഒരു ജീവിതം അദ്ദേഹം നയിച്ചു. അവനിൽ പാപമുണ്ടെന്ന് ആർക്കും സ്ഥാപിക്കാൻ കഴിഞ്ഞില്ല. സർവ്വശക്തനായ ദൈവമാണ് അവൻ , മനുഷ്യരൂപത്തിൽ ജനിച്ച് സ്വയം ഒരു പ്രശസ്തിയും ഇല്ലാത്തവനാക്കി ഒരു ദാസന്റെ രൂപം സ്വീകരിച്ചവനാണ്

അവൻ . ദൈവമാതിനാൽ മരണത്തോളം കുരിശിലെ മരണം വരെ അനുസരണയുള്ളവനായി സ്വയം താഴ്ത്തി.

യേശുക്രിസ്തുവിൽ ദൈവത്തിന്റെ എല്ലാ പൂർണ്ണതയും വസിക്കുന്നു. അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപമാണ് എല്ലാ സൃഷ്ടികൾക്കും മീതെ ആദ്യജാതൻ അവൻ ദൈവത്തിന്റഎ മഹത്വത്തിന്റഎ പ്രകാശവും അവന്റെ സ്വഭാവത്തിന്റെ കൃത്യമായ

മുദ്രയുമാണ്, അവൻ തന്റെ ശക്തിയുടെ വചനത്താൽ പ്രപഞ്ചത്തെ ഉയർത്തിപ്പിടിക്കുന്നു. നമ്മുടെ പാപങ്ങൾ ക്ഷമിക്കാൻ അധികാരമുള്ള ദൈവമാണ് യേശുക്രിസ്തു. അവൻ നമ്മുടെ ആരാധന സ്വീകരിക്കാൻ യോഗ്യനാണ് തജിവൻ ത്യജിക്കാനും തിരിച്ചെടുക്കാനും അവന് അധികാരമുണ്ട്.

**മഹത്തായതും തികഞ്ഞതുമായ ത്യാഗം**

രക്തം ചൊരിയാതെ പാപപരിഹാരമില്ല ലോകമെമ്പാടുമുള്ള പല പ്രാചീന മതങ്ങളിൽ നിന്നും യാഗങ്ങൾ അനുഷ്ഠിക്കുന്നവരിൽ നിന്ന് നമുക്ക് ഇത് അറിയാം ഈ ബലികളെല്ലാം വരാനിരിക്കുന്ന മഹത്തായ ശാശ്വതമായ യാഗത്തിന്റ് താത്കാലിക നിഴലുകളായിരുന്നു- കാളകളുടെയും ആടുകളുടെയും രക്തത്തിന് പാപങ്ങൾ നീക്കുക അസാധ്യമാണ്. മനുഷ്യരാശിയുടെ വീണ്ടെടുപ്പനായി തന്റെ രക്തം ചൊരിഞ്ഞുകൊണ്ട് ദൈവം കുരിശിൽ ബലിയർപ്പിച്ചതിന്റെ പ്രതീകാത്മകമായ പ്രതിനിധാനമായിരുന്നു കാളകളുടെയും ആടുകളുടെയും ഈ ബലി. യേശുക്രിസ്തു നിങ്ങളെ വളരെയധികം സ്നേഹിക്കുന്നു. അവൻ നിങ്ങളെ സ്മേഹിക്കുകയും കുരിശിൽ നിങ്ങളുടെ സ്ഥാനം ഏറ്റെടുക്കുകയും പാപപരിഹാരമായി അവന്റെ രക്തം ചൊരിയുകയും നിങ്ങളുടെ പാപങ്ങളും അകൃത്യങ്ങളും അതിക്രമങ്ങളും ശാപങ്ങളും നിങ്ങൾക്കുവേണ്ടി വഹിക്കുകയും ചെയ്തു. യേശുക്രസ്തുവിന്റെ രക്തം എല്ലാ പാപങ്ങളിൽ നിന്നും നമ്മെ ശുദ്ധീകരിക്കുകയും നമ്മെ വിശുദ്ധരാക്കുകയും ചെയ്യുന്നു.

**കുരിശിലെ വീണ്ടെടുപ്പു പ്രവൃത്തി**

തീർച്ചയായും യേശുക്രിസ്തു നമ്മുടെ രോഗങ്ങളും ബലഹീനതകളും ദുഃഖങ്ങളും ക്രൂശിൽ വഹിച്ചു അവൻ നമ്മുടെ കഷ്ടതകൾ ക്രൂശിൽ വഹിച്ചു അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾനിമിത്തം തകർന്നും ഇരിക്കുന്നു. ഞങ്ങൾക്ക് സമാധാനം നൽകിയ ശിക്ഷ അവന്റെ മേലായിരുന്നു അവന്റെ മുറിവുകളാൽ നാം സൗഖ്യം പ്രാപിച്ചു. നമ്മുടെ എല്ലാവരുടെയും അകൃത്യം യേശുവിന്റെ മേൽ ചുമത്തപ്പെട്ടു. അവൻ പീഡിപ്പിക്കപ്പെടുകയും ചെയ്തു, എന്നിട്ടും അവൻ വായ് തുറന്നില്ല. അവൻ ഒരു ആട്ടിൻകുട്ടിയെ അറുക്കുവാൻ കൊണ്ടുപോയി രോമം കത്രിക്കുന്നവരുടെ മുമ്പിൽ ആടിനെപ്പോലെ നിശ്ശബ്ദനായിരുന്നു അടിച്ചമർത്തലിലൂടെയും ന്യായവിധിയിലൂടെയും അവൻ നമ്മുടെ പാപങ്ങൾക്കുവേണ്ടി കുരിശിൽ അറുക്കപ്പെടാൻ കൊണ്ടുപോകപ്പെട്ടു. പാപത്തിനുള്ള വഴിപാടായി അവൻ തന്നെത്തന്നെ ഭരമേൽപ്പിച്ചു.

നിങ്ങൾക്ക് ആരോഗ്യവുംരോഗശാന്തിയും നൽകുന്നതിന് അവൻ മുറിവേറ്റു. നിങ്ങളെ അഭിവൃദ്ധിപ്പെടുത്താൻ, ദരിദ്രനായി. നിങ്ങളെ രക്ഷയും നീതിയും അണിയിക്കാൻ അവൻ കുരിശിൽ നഗ്നനായി നിങ്ങളെ ദൈവത്തിന്റെ നീതിമാന്മാരാക്കാ, അവൻ പാപപമായിത്തീർന്നു. നിങ്ങളെ അനുഗ്രഹിക്കാനായി അവൻ ഒരു ശാപമായി മാറി

യേശു എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ് അവൻ അത്ഭുതകരമായ ഉപദേശകൻ ശക്തനായ ദൈവം നിത്യപിതാവ് സമാധാനത്തിന്റെ രാജകുമാരൻഎന്ന് വിളിക്കപ്പെടുന്നുഅവൻ നമ്മെപ്പോലെ എല്ലാ വിധത്തിലും പരീക്ഷിക്കപ്പെട്ടു എന്നിട്ടും അവൻ പാപം ചെയ്തില്ല. അതിനാൽ എല്ലാ ആവശ്യങ്ങളിലും പ്രലോഭനങ്ങളിലും നമ്മെ സഹായിക്കാൻ അവൻ പ്രാപ്തനാണ്

അവനാൽ അസാധ്യമായി ഒന്നുമില്ല അവന് എല്ലാം പുനഃസ്ഥാപിക്കാനും നന്നാക്കാനും കഴിയും യേശുവിന്റെ നാമത്തിൽ ഭൂതങ്ങൾ ഓടിപ്പോകുന്നു നിങ്ങളുടെ എല്ലാ സാഹചര്യങ്ങളും അവൻ അറിയുന്നു നിങ്ങൾ അവനെ അന്വേഷിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നുവെങ്കിൽ അവൻ തീർച്ചയായും നിങ്ങളെ സഹായിക്കും അവന്

പൊറുക്കാനാവാത്ത പാപമില്ല നിങ്ങളുടെ കുറ്റബോധവും ഭാരവും നീക്കി നല്ല മനസ്സാക്ഷി നൽകി നിങ്ങളെ അനുഗ്രഹ്ക്കാൻ അവന് കഴിയും യേശുവിന് സുഖപ്പെടുത്താൻ കഴിയാത്ത ഒരു രോഗമോഅല്ല കേവലം തന്റെ വാക്കുകൾകൊണ്ട് പ്രപഞ്ചത്തെ മുഴുവൻ സൃഷ്ടിച്ച വിജനമായ നിരാശാജനകമായ എല്ലാ അവസ്ഥകളിൽ നിന്നും തീർച്ചയായും നിങ്ങളെ രക്ഷിക്കാൻ കഴിയും

**ഒഴിഞ്ഞ കല്ലറ**

യേശുക്രിസ്തു നിങ്ങൾക്കുവേണ്ടി രക്തം ചൊരിഞ്ഞു കുരിശിൽ മരിച്ചു അവൻ അടക്കം ചെയ്യപ്പെട്ടു പാപം മരണം പാതാളം ഇരുട്ടിന്റെ ശക്തികൾ അധികാരങ്ങൾ എന്നിവയെ പരാജയപ്പെടുത്തി മൂന്നാം ദിവസം വിജയിയായി ഉയിർത്തെഴുന്നേറ്റു പാപത്തിൽ വീണ മനുഷ്യന്റെ ദുഷിച്ച സ്വഭാവത്തെ മരിപ്പിച്ചു.

മനുഷ്യരാശിയുടെ ചരിത്രത്തിൽ തന്റെ കല്ലറ ശൂന്യമായി ഇരിക്കുന്ന ഒരേ ഒരു വ്യക്തി യേശുവാണ് വിശുദ്ധിയുടെ ആത്മാവിനനുസരിച്ച് ശക്തിയുള്ള ദൈവപുത്രനാണെന്ന് പ്രഖ്യാരിക്കപ്പെടുന്നു ദൈവം അവനെമരിച്ചവരിൽ നിന്ന് അതിന്റെ ശക്തിയിൽനിർത്തുക അസാധ്യമായിരുന്നു.

**എന്തുകൊണ്ട് യേശു മാത്രം**

- യേശുവിന്റെ ജനനവും ജീവിതവും പാപരഹിതമായിരുന്നു.
- നമ്മുടെ പാപങ്ങൾ ക്ഷമിക്കാൻ യേശുവിന് അധികാരമുണ്ട്.
- ആരാധന സ്വീകരിക്കാൻ യേശു കഴിവുള്ളവനും യോഗ്യനുമാണ്.
- യേശു പരുശുദ്ധനാണെന്ന് ഭൂതങ്ങൾ പോലും സാക്ഷ്യപ്പെടുത്തി.
- ലോകരക്ഷകനെക്കുറിച്ച് വിശുദ്ധ ഗ്രന്ഥങ്ങളിൽ എഴുതിയിരിക്കുന്ന 300 ലധികം പ്രവചനങ്ങൾ യേശുവിൽ നിവൃത്തിയേറുന്നു
- മനുഷ്യരാളിയുടെമോക്ഷത്തിനായി പാപമോചനത്തിനായി മരിച്ച ഒരേയൊരു (ദൈവവും മനുഷ്യനും)യേശുവാണ്
- യേശുവിൽ, ദൈവത്തിന്റെ എല്ലാ പൂർണ്ണതയും ശരിര രൂപത്തിൽ വസിക്കുന്നു
- യേശുപറഞ്ഞു, ഞാൻ തന്നെയാണ് വഴിയും സത്യവും ജീവനും എന്നിലൂടെയല്ലാതെ ആർക്കും മോക്ഷം നേടാനാവില്ല.
- ചരിത്രത്തിലെ സുപ്രധാന വ്യക്തിത്വമാണ് യേശു. അവന്റെ ജീവിതം ഒരു യക്ഷിക്കഥയല്ല. അദ്ദേഹത്തിന്റെ ജനനം ചരിത്രത്തിന്റെ ഒരു റഫറൻഷ്യൽ ലാൻമാർക്കും അടിസ്ഥാനവുമാണ്, ബിസിയിലും എഡിയിലും യുഗങ്ങളെ വിഭജിക്കുന്നു
- അവന്റ സ്നേഹവും ക്ഷമിക്കുന്ന സ്വഭാവവും പഠിപ്പിക്കലുകളും പലരുടെയും - പാപികളുടെ പോലും ജീവിതത്തെ മാറ്റിമറിച്ചു. (നിങ്ങളുടെ ശത്രുവിനെ സ്നേഹിക്കുക നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാത്ഥിക്കുക നിങ്ങളെ അടിക്കുന്നവർക്ക് നിങ്ങളുടെ മറ്റേ കവിൾ സമർപ്പിക്കുക ഇവയാണ് പലപ്പോഴും ഉദ്ധരിക്കപ്പെടുന്ന അവന്റെ ചില പഠിപ്പിക്കലുകൾ)
- കല്ലറ ശൂന്യമായ ഒരേയൊരു വ്യക്തി യേശുവാണ് തന്നിൽ വിശ്വസിക്കുന്നവരെ മരണത്തിന്റെയും അഗാധതയുടെയും പിടിയിൽ നിന്ന് വിടുവിച്ച് ഉയർത്തെഴുന്നേൽക്കാനും അവനു കഴിയുമെന്ന് ഇത് നമുക്ക് പ്രതീക്ഷ നൽകുന്നു.

**എല്ലാവരെയും സ്വാഗതം ചെയ്യുന്നു**

യേശു പറഞ്ഞു

- "തളർന്നിരിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ ഏവരേ എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം"
- "ആർക്കെങ്കിലും ദാഹിക്കുന്നുവെങ്കിൽ അവൻ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ എന്നിൽ വിശ്വസിക്കുന്നവൻ അവന്റെ ഉള്ളിൽ നിന്ന് ജീവജലത്തിന്റെ നദികൾ ഒഴുകും"
- "എന്റെ അടുക്കൽ വരുന്ന ആരെയും ഞാൻ തള്ളിക്കളയുകയില്ല"
- ഭൂമിയിലെ സകല ജനങ്ങളേ എന്നിലേക്ക് തിരിയുക രക്ഷിക്കപ്പെടുവിൻ
- ഞാൻ ലോകത്തിലേക്ക് വന്നത് ലോകത്തെ വിധിക്കാനല്ല മറിച്ച് ലോകത്തെ

രക്ഷിക്കാനാണ്

- എന്റെ വചനം കേൾക്കുകയും എന്നെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട് അവൻ വിധിക്കപ്പെചുകയില്ല. അവൻ മരണത്തിൽ നിന്നു ജീവനിലേക്കു കടക്കപ്പെടും
- അമ്മ തന്റെ കുഞ്ഞിനെ മറന്നാലും ഞാൻ നിന്നെ മറക്കില്ല. നോക്കു ഞാൻ നിന്നെ എന്റെ കൈപ്പത്തിയിൽ കൊത്തിവെച്ചിരിക്കുന്നു.
- പേടിക്കേണ്ട ഞാൻ നിങ്ങളുടെ ദൈവം ആകുന്നു പരിഭ്രാന്തരാകരുത്. ഞാൻ നിന്നെ ശക്തിപ്പെടുത്തും നിങ്ങളെ സഹായിക്കുന്നത് ഞാനാണ്.

രക്ഷിക്കപ്പെടാൻ ഞാൻ എന്തുചെയ്യണം

ശിക്ഷയിൽ നിന്ന് രക്ഷിക്കപ്പെടാൻ നിങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ വിശ്വസിക്കണം

- നിങ്ങളുടെ ചിന്തകളിൽ മാത്രമല്ല നിങ്ങളുടെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും നിങ്ങൾ പാപിയാണെന്നും പാപങ്ങൾ ചെയ്തിട്ടുണ്ടെന്നും അംഗീകരിക്കുകയും ഏറ്റുപറയുകയും ചെയ്യുക
- മുക്തി/മോഷം നൽകാൻ കഴിയുന്ന ഒരു രക്ഷകനെ ആവശ്യമാണെന്ന് മനസ്സിലാക്കുക.
- യേശുക്രിസ്കു നിങ്ങളുടെവ്യക്തിപരമായ രക്ഷകനാണെന്നും യേശുനിങ്ങളുടെ കർത്താവാണെന്നും നിങ്ങളുടെ വായ്കൊണ്ട് അംഗീകരിക്കുക
- നിങ്ങളുടെ പാപപരിഹാരത്തിനായി യേശു കന്റെ രക്തം ടൊരിയുകയും കുരിശിൽ മരിക്കുകയും ചെയ്തുവെന്ന് നിങ്ങളുടെ ഹൃദയത്തിൽ വിശ്വസിക്കുക യേശു നിങ്ങൾക്കുവേണ്ടി മരിക്കുകയും അടക്കപ്പെടുകയും ചെയ്തുവെന്ന് വിശ്വസിക്കുക മൂന്നാം ദിവസം അവൻ ശവക്കുഴിയിൽ നിന്ന് എഴുന്നേറ്റുവെന്നും മരണത്തിന് അവനെ ഉൾക്കൊള്ളാൻ കഴിയില്ലെന്നും വിശ്വസിക്കുക.

അവനെ സ്വീകരിച്ചവർക്ക്, ദൈവമക്കളാകാനുള്ള അവകാശം അവൻ നൽകുന്നു.

**അവസരം നഷ്ടപ്പെടുത്തരുത്**

ഓരോ മനുഷ്യനും ഒരിക്കൽ മരിക്കാനും അതിനുശേഷം യേശുവിന്റെ നീതിയുള്ള ന്യായവിധി പ്രാപിക്കുന്നതിനായി അവന്റെ വെളുത്ത സിംഹാസനത്തിനുമുമ്പിൽ നിൽക്കാനും നിയമിക്കപ്പെട്ടിരിക്കുന്നു. യേശുക്രിസ്തുവിനെ സ്വന്തം രക്ഷകനായി സ്വീകരിക്കുകയും പാപമോചനം നേടുകയും ചെയ്യുന്നവൻ നിത്യജീവൻ പ്രാപിക്കുകയും യേശുവിനോടൊപ്പം എന്നേക്കും ജീവിക്കുകയും ചെയ്യും ദൈവം മീതിമാനയതിനാൽ പാപം ശിക്ഷിക്കപ്പെടാതെ വിടുകയില്ല. ദൈവത്തിന്റെ ജീവപുസ്തകത്തിൽ പേരില്ലാത്തവരെ നിത്യ നരകാഗ്നിയുടെ ശിക്ഷ താങ്ങാൻ പ്രയാസമാണ്. തീജ്വാല നിലയ്ക്കാത്തതും പുഴു ചാകാത്തതുമായ സ്ഥലമാണത്. യേശുക്രിസ്തു നമ്മുടെ പാപങ്ങൾക്ക് ഇതിനകം പണം നൽകിയിട്ടുണ്ട് നമ്മുടെ പാപങ്ങൾ സ്വയം ഏറ്റെടുത്തവനായി (നമ്മുടെ രക്ഷകൻ) അവനെ അംഗീകരിച്ചുകൊണ്ട് നമുക്ക് ഈ വിധിയിൽ നിന്ന് രക്ഷപ്പെടാം. നിങ്ങൾ വീണ്ടും അല്ലെങ്കിൽ സ്വയം പണം നൽകേണ്ടതില്ല. നിങ്ങളുടെ പാപഭാരം യേശുവിന്റെ മേൽ ഇടുക.

**ഇപ്പോൾ രക്ഷയുടെ ദിവസമാണ്**

ഇപ്പോൾ അതിനുള്ള അവസരമാണ് ഇന്ന് നിങ്ങൾക്ക് മുക്തി/മോക്ഷം നേടാനുള്ള അവസരമുണ്ട് നാളെ നിങ്ങൾക്കായി എന്താണ് കാത്തിരിക്കുന്നതെന്ന് നിങ്ങൾക്കറിയില്ല. നീയും ഞാനും ഒരു നീരാവി മാത്രമാണ്. അത് അൽപ്പനേരം പ്രത്യക്ഷപ്പെടുകയും പിന്നീട് അപ്രത്യക്ഷമാവുകയും ചെയ്യുന്നു. ഭാവി അനിശ്ചിതത്വത്തിലാണ്. ഈ ചെറുപുസ്തകം നിങ്ങളുടെ കൈകളിൽ വന്നത് കേവലം യാദൃശ്ചികമല്ല. യേശുക്രിസ്തു നിങ്ങളെ വളരെയധികം സ്നേഹിക്കുന്നു. യേശു നിങ്ങളെ അവന്റെ രാജ്യത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുകയാണ്. ദയവായി അവനെ നിരസിക്കരുത്. ദയവായി അവന്റെ സ്നേഹം നിരസിക്കരുത്. അവൻ തന്റെ വിശുദ്ധ കരങ്ങൾ നിങ്ങലുടെ നേരെ നീട്ടുന്നു. ക്രൂശിൽ തന്റെ രക്തം ചൊരിയുകയും നിങ്ങൾക്കായി തന്റെ ജീവൻ ബലിയർപ്പിക്കുകയും ചെയ്ത യേശുക്രിസ്തുവിന് നിങ്ങളുടെ എല്ലാ ആവശ്യങ്ങളും എളുപ്പത്തിൽ നൽകാൻ കഴിയും. യേശുവിന് കഴിയും നിങ്ങലെ സഹായിക്കാൻ കഴിയും (കഴിവുണ്ട്) നിങ്ങളുടെ

കുടുംബത്തെ പിന്തുണയ്ക്കാനും സംരക്ഷിക്കാനും യേശുവിന് കഴിയും. യേശുവിന് നിങ്ങളെ സുഖപ്പെടുത്താൻ കഴിയും. നല്ല കാര്യങ്ങൾ കൊണ്ട് യേശുവിന് നിങ്ങളെ രക്ഷിക്കാൻ കഴിയും. യേശു നിൽക്കുകയും നിങ്ങളുടെ ഹൃദയത്തിന്റെ വാതിലിൽ മുട്ടുകയും ചെയ്യുന്നു. നിങ്ങൾ വാതിൽ തുറന്ന് അവനെ അകത്തേക്ക് ക്ഷണിക്കില്ലേ? അവൻ നിങ്ങളോടൊപ്പം വന്ന് ഭക്ഷ്ണം കഴിക്കാൻ ആഗ്രഹിക്കുന്നു.

കുറിപ്പ്: യേശുവിനക്കുറിച്ച് കൂടുതലറിയാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ദയവായി ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്ന് ബൈബിൾ ആപ്പ് ഡൗൺലോഡ് ചെയ്ത് ബൈബിൾ വായിക്കുക. ബൈബിൾ വായിക്കുന്നതിലൂടെ നിങ്ങൾക്ക് യേശുക്രിസ്തുവിന്റെ സ്നേഹം അനുഭവിക്കാൻ കഴിയും.